PULAYAS APPOINTED BY STAFF SELECTION BOARD

241. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) സ്റ്റാഫ് സിലക്ഷൻ ബോർഡു് തുടങ്ങിയിട്ടു പുലയർക്കു് ഇതേവരെയായി എത്ര ശതമാനം ഉദ്യോഗം ലഭിച്ചിട്ടുണ്ടു്;

(ബി) ഇവരിൽനിന്നു് എത്രപേരെ ഏതെല്ലാം ഉദ്യോഗങ്ങളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടു്;

(സി) എത്രപേർ ഇപ്പോൾ ആക്ടിംഗായി നിയമനത്തിൽ ഇരിക്കുന്നുണ്ടു്;

(ഡി) എത്രപേർ ഇപ്പോൾ സ്റ്റോപ്പേജായി നില്ക്കുന്നുണ്ടു്;

(ഇ) പുലയരിൽനിന്നു് ഇതേവരെ എത്രപേരാണു ബോർഡിലേക്കു് അപേക്ഷകരം അയച്ചിട്ടുള്ളതു്;

(എഫ്) അപേക്ഷകന്മാരുടെ പേർ, പരീക്ഷായോഗ്യത മുതലായവ കാണിക്കുന്ന ഒരു ലിസ്റ്റു് മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. വി. റാഫേൽ:

(എ) അവർക്കു് അനുവദിച്ചിട്ടുള്ള നാലു ശതമാനം.

(ബി) എട്ടുപേരെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിലും, മൂന്നുപേരെ ഇൻഡസ്ട്രീസു് ഡിപ്പാർട്ടുമെണ്ടിലും, മൂന്നുപേരെ ജൂഡീഷ്യൽ ഡിപ്പാർട്ടുമെണ്ടിലും, ഒരാളെ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെണ്ടിലും, ഒരാളെ പബ്ലിക്കു്വർക്സു് ഡിപ്പാർട്ടുമെണ്ടിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടു്.

(സി) ൫൨.

(ഡി) ൭.

(ഇ), (എഫ്) മേശപ്പുറത്തു വെച്ചിരിക്കുന്ന പട്ടിക നോക്കുക.

മിസ്റ്റർ പി. കെ. കൃഷ്ണൻ: കൺവട്ടുചെയ്യുവക്കും ഈ നാലു ശതമാനത്തിനു് അവകാശമുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ: ഇല്ല.

മിസ്റ്റർ പി. കെ. കൃഷ്ണൻ: കെ. ടി. കുമ്പൻ കൺവട്ടുചെയ്ത ആളാണെന്നു ഗവൺമെണ്ടിനറിയാമൊ?

മിസ്റ്റർ പി. വി. റാഫേൽ: അയാൾ ആദ്യം പുലയൻ എന്ന നിലയിൽ പെറീഷൻ കൊടുത്തിരുന്നു. അതുകൊണ്ടു് അയാൾക്കു കിട്ടിയതാണു്. അതു തെറ്റായിട്ടു ചെയ്തതാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യംവന്നിട്ടുണ്ടു്.

മിസ്റ്റർ പി. കെ. കൃഷ്ണൻ: എം. സി. തേവനെ സംബന്ധിച്ചോ?

മിസ്റ്റർ പി. വി. റാഫേൽ: ഈ രണ്ടു കേസിൽ തെറ്റായി ചെയ്തുപോയിട്ടുണ്ടു്.

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഇതിൽ വല്ലതും ചെയ്യുവാൻ ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. റാഫേൽ: എന്താണു ചെയ്യേണ്ടതു്, കൊട്ടത്തുപോയില്ലേ?

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഈ രണ്ടു സ്ഥാനങ്ങളും പുലയക്കു കിട്ടേണ്ടതല്ലേ?

മിസ്റ്റർ പി. വി. റാഫേൽ: അതു കൊട്ടത്തുകഴിഞ്ഞില്ലേ?

മിസ്റ്റർ എ. വി. മൂത്തേടൻ: പറയക്കു് എത്രശതമാനമുണ്ടു്?

മിസ്റ്റർ പി. വി. റാഫേൽ: അവർ ഡിപ്രസ്ഡ്ക്ലാസ്സിൽപ്പെട്ടവരാണു്.

Mr. President: Pulayas form a separate classification. Parayas come under "Backward or Depressed" like the Padannas.

KANJIRAMITTAM AND ARAKKUNNAM L. S. SCHOOLS—REFUSAL OF ADMISSION TO DEPRESSED CLASSES PUPILS

242. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(എ) കാഞ്ഞിരമിറ്റം, ആരക്കുന്നം എന്നിവിടങ്ങളിലെ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ചേർന്നു പഠിക്കുവാൻ ചെന്നിരുന്ന അധഃകൃതവിദ്യാർത്ഥികളിൽ ആക്കൊക്കിലും സ്കൂൾ അധികൃതന്മാർ പ്രവേശനം (admission) നിഷേധിക്കുകയുണ്ടായിട്ടുള്ളതായി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തു നടപടികളാണു ബഹുമാനപ്പെട്ട ഗവൺമെണ്ടു് എടുത്തിട്ടുള്ളതു് എന്നു ദയവു അറിയിക്കുമോ;

(സി) പ്രവേശനം അനുവദിക്കാതിരുന്നിട്ടുണ്ടെങ്കിൽ കാരണം എന്തു്?

റാവു സാഹിബ് ഐ. എൻ. മേനോൻ:

(എ) ഇല്ല. കാഞ്ഞിരമിറ്റം, ആരക്കുന്നം എന്നീ ലോവർ സെക്കണ്ടറി സ്കൂളുകളിൽ ഇക്കൊല്ലം അധഃകൃതവിദ്യാർത്ഥികൾക്കു പ്രവേശനം (admission) നിഷേധിക്കുകയുണ്ടായിട്ടില്ല.

(ബി) & (സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇക്കൊല്ലത്തിനുമുമ്പു് അനുവദിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഐ. എൻ. മേനോൻ: ഒരുകൊല്ലം കഴിഞ്ഞാൽ ഇതിനെപ്പറ്റിയുള്ള റിക്കാർഡുകളൊക്കെ നശിപ്പിച്ചുകളയും, അതുകൊണ്ടു പറയാൻ നിവൃത്തിയില്ല.

MAHARAJA'S COLLEGE—FEE CONCESSIONS TO DEPRESSED CLASS PUPILS—SCOPE OF

243. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

എറണാകുളം മഹാരാജാസ് കോളേജിൽ ഉപരിപഠനാർത്ഥം അധഃകൃതവിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കു് അഡ്മിഷൻ ഫീസ്സു

LIBRARY ARCHIVES Kerala Legislative Assembly